(സി) പട്ടികവർഗ്ഗക്കാരായ ഗർഭിണികൾക്കും മുലയൂട്ടുന്ന അമ്മമാർക്കും പോഷകാഹാരത്തിന് എന്തെല്ലാം ധനസഹായങ്ങൾ നൽകാനാണ് പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്; വിശദമാക്കുമോ ;

(ഡി) പദ്ധതിയുമായി ഏതെല്ലാം വകുപ്പുകളാണ് സഹകരിക്കുന്നതെന്ന് വിശദമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) പട്ടികവർഗ്ഗ മേഖലയിലെ നവജാത ശിശുമരണവും, പോഷകാഹാര കുറവ് മൂലമുള്ള അസുഖങ്ങളും പൂർണ്ണമായും നിർമ്മാർജ്ജനം ചെയ്യുന്നതിനായി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട ഗർഭിണികളുടെയും, കുട്ടികളുടെയും, ആരോഗ്യ സംരക്ഷണം, പോഷകാഹാരം ലഭ്യമാക്കൽ എന്നിവയാണ് പദ്ധതിയുടെ ലക്ഷ്യം.

(സി) ഗർഭാവസ്ഥയുടെ 3 മാസംമുതൽ കുഞ്ഞിന് ഒരു വയസ് തികയും വരെ പ്രതിമാസം 1000-രൂപ നിരക്കിൽ പരമാവധി 18 മാസം ധനസഹായം നൽകി വരുന്നു. പോസ്റ്റോഫീസ് വഴി മണിയോർഡറായി തുക എല്ലാ മാസവും ഗുണഭോക്താക്കൾക്ക് ലഭിക്കുന്നു.

(ഡി) ആരോഗ്യ വകുപ്പുമായി സഹകരിച്ച് പട്ടികവർഗ്ഗ വികസന വകുപ്പ് നേരിട്ടാണ് പദ്ധതി നടപ്പാക്കി വരുന്നത്.

ഗോത്രവർഗ്ഗ ക്ഷേമപദ്ധതികൾക്കായുള്ള ഫണ്ട്

334 (674) ശ്രീ. എ. കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കായികബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പ്രാക്തനഗോത്ര വർഗ്ഗങ്ങളുടെ ക്ഷേമത്തിനായി കേന്ദ്ര സർക്കാർ അനുവദിച്ച ഫണ്ട് അട്ടപ്പാടിയിൽ എന്തെല്ലാം പ്രവർത്തനങ്ങൾക്കാണ് വിനിയോഗിച്ചത്; എത്രതുക അട്ടപ്പാടിയിൽ മാത്രം ചെലവഴിച്ചു ;

(ബി) ഈ ഫണ്ട് ഉപയോഗിച്ച് ഇതിനകം നടപ്പാക്കിയ പദ്ധതികൾ ഏതെല്ലാമാണ്; അനുവദിച്ച തുകയും ചെലവഴിച്ച തുകയും വ്യക്തമാക്കുമോ ;

(സി) ഈ ഫണ്ട് ഉപയോഗിച്ച് നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന പദ്ധതികൾ ഏതെല്ലാമാണ്; അനുവദിച്ച തുകയും ചെലവഴിച്ച തുകയും വ്യക്തമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) വ്യക്തികളും കുടുംബങ്ങളും കേന്ദ്രീകരിച്ച് നടപ്പാക്കിയ പദ്ധതികളും, അവയ്ക്കായി അനുവദിച്ച തുകയും ചെലവഴിച്ച തുകയും ഗുണഭോക്താക്കളുടെ എണ്ണവും വിശദമാക്കുമോ ;

(ഇ) ഊരുകൾ കേന്ദ്രീകരിച്ച് നടപ്പാക്കിയ പദ്ധതികളും അനുവദിച്ച തുകയും ചെലവഴിച്ച തുകയും പദ്ധതി നടപ്പാക്കിയ കോളനികളുടെ പേരും വിശദമാക്കുമോ ?

ഉത്തരം

(എ) ഭവന നിർമ്മാണം, ഭക്ഷ്യസഹായ പദ്ധതി, മൊബൈൽ മെഡിക്കൽ യൂണിറ്റ്, പ്രത്യേക അംഗൻവാടി, ഹെൽത്ത് പ്രൊമോട്ടർമാർ, റോഡ് നിർമ്മാണം എന്നീ പദ്ധതികൾക്കായിട്ടാണ് വിനിയോഗിച്ചത്. ടി പദ്ധതിയിൽ ഇതുവരെ 6,00,89,271/- രൂപ ചെലവഴിച്ചു.

(ബി) അട്ടപ്പാടിയിൽ പ്രാക്തന ഗോത്രവർഗ്ഗക്കാരുടെ ക്ഷേമത്തിനായി 2011 മുതൽ 2015 വരെ കേന്ദ്ര ഫണ്ട് ഉപയോഗിച്ച് നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന പദ്ധതികൾക്ക് അനുവദിച്ച തുകയും ചെലവഴിച്ച തുകയും സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു:

	പദ്ധതി	അനുവദിച്ച തുക	ചെലവഴിച്ച തുക
1.	ഭവന നിർമ്മാണം	3,39,50,000	1,37,12,500
2.	മൊബൈൽ മെഡിക്കൽ യൂണിറ്റ്	17,50,000	17,50,000
3.	ഭക്ഷ്യ സഹായ പദ്ധതി	1,34,67,284	1,34,67,284
4.	പ്രത്യേക അംഗൻവാടി	1,31,347	1,31,347
5.	ഹെൽത്ത് പ്രൊമോട്ടർ	10,28,140	10,28,140
6.	റോഡ് നിർമ്മാണം	11,04,89,729	3,00,00,000

LIBRARY ARCHIVES Kerala Legislative Assembly

(സി) അട്ടപ്പാടിയിൽ പ്രാക്തന ഗോത്രവർഗ്ഗക്കാരുടെ ക്ഷേമത്തിനായി 2011 മുതൽ 2015 വരെ കേന്ദ്ര ഫണ്ട് ഉപയോഗിച്ച് നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന പദ്ധതികൾ സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു :

	പദ്ധതി	അനുവദിച്ച തുക	ചെലവഴിച്ച തുക
1	ഭവന നിർമ്മാണം	3,39,50,000	1,37,12,500
2	മൊബൈൽ മെഡിക്കൽ യൂണിറ്റ്	17,50,000	17,50,000
3	ഭക്ഷ്യ സഹായ പദ്ധതി	1,34,67,284	1,34,67,284
4	പ്രത്യേക അംഗൻവാടി	1,31,347	1,31,347
5	ഹെൽത്ത് പ്രൈമോട്ടർ	10,28,140	10,28,140
6	റോഡ് നിർമ്മാണം	11,04,89,729	3,00,00,000

(ഡി) വ്യക്തികളും കുടുംബങ്ങളും കേന്ദ്രീകരിച്ച് നടപ്പാക്കിയ പദ്ധതികളും, അവയ്ക്കായി അനുവദിച്ച തുകയും ചെലവഴിച്ച തുകയും ഗുണഭോക്താക്കളുടെ എണ്ണവും ചുവടെ ചേർക്കുന്നു :

പദ്ധതി	അനുവദിച്ച തുക	ചെലവഴിച്ച തുക	ഗുണഭോക്താക്കളുടെ എണ്ണം
ഭവന നിർമ്മാണം	3,39,50,000	1,37,12,500	14 ഊരുകളിലായി 97 കുടുംബങ്ങൾ
ഭക്ഷ്യ സുരക്ഷാ പദ്ധതി	1,34,67,284	1,34,67,284	അട്ടപ്പാടിയിലെ 19 ഊരുകളിലായി 594 കുടുംബങ്ങൾ
മെഡിക്കൽ യൂണിറ്റ്	17,50,000	17,50,000	അട്ടപ്പാടിയിലെ 19 ഊരുകളിൽ 220 മെഡിക്കൽ ക്യാമ്പിനായി 4016 രോഗികളെ പരിശോധിച്ച് ചികിത്സ നൽകി.
പ്രത്യേക അംഗൻ വാടി	1,31,347	1,31,347	24 കുട്ടികൾ 2 ടീച്ചർ, 2 ആയ എന്നിവരുടെ ഹോണറേറിയം
പ്രൊമോട്ടർമാർ	10,28,140	10,28,140	12 പ്രൊമോട്ടർമാരുടെ ഹോണറേറിയം
റോഡ് നിർമ്മാണം	11,04,89,729	3,00,00,000	അട്ടപ്പാടിയിലെ 7 ഊരുകളെ ബന്ധിപ്പിക്കുന്ന റോഡ് (ഊരുകളുടെ ലിസ്റ്റ് അനുബന്ധം-1 ആയി ചേർക്കുന്നു)*

LIBRARY ARCHIVES Kerala Legislative Assembly

(ഇ) ഊരുകൾ കേന്ദ്രീകരിച്ച് അട്ടപ്പാടിയിലെ വികസനത്തിന് നടപ്പാക്കിയ പദ്ധതികളും അനുവദിച്ച തുകയും ചെലവഴിച്ച തുകയും പദ്ധതി നടപ്പാക്കിയ കോളനികളുടെയും വിവരങ്ങൾ ചുവടെ ചേർക്കുന്നു.

പദ്ധതി	അനുവദിച്ച തുക	ചെലവഴിച്ച തുക	ഗുണഭോക്താക്കളുടെ എണ്ണം
ഭവന നിർമ്മാണം	3,39,50,000	1,37,12,500	അട്ടപ്പാടിയിലെ 14 ഊരുകളിലായി 97 പേർക്കുള്ള ഭവന നിർമ്മാണം (ഊരുകളുടെ ലിസ്റ്റ് അനുബന്ധം-2* ആയി ചേർക്കുന്നു.)
ഭക്ഷ്യസുരക്ഷാ പദ്ധതി	1,34,67,284	1,34,67,284	19 ഊരുകളിലായി 594 കുടുംബങ്ങൾ
മെഡിക്കൽ യൂണിറ്റ്	17,50,000	17,50,000	19 ഊരുകളിൽ 220 മെഡിക്കൽ ക്യാമ്പിനായി 4016 രോഗികളെ പരിശോധിച്ച് ചികിത്സ നൽകി
പ്രത്യേക അംഗൻവാടി	1,31,347	1,31,347	മുരുഗള, കിണറ്റുകര എന്നീ 2 ഊരുകളിലായി 24 കുട്ടികൾ, 2 ടീച്ചർ, 2 ആയ എന്നിവരുടെ ഹോണറേറിയം
പ്രൊമോട്ടർമാർ	10,28,140	10,28,140	19 ഊരുകളിലും 12 പ്രൊമോട്ടർമാരുടെ സേവനം ലഭ്യമാക്കുന്നുണ്ട്. 12 പ്രൊമോട്ടർമാരുടെ ഹോണറേറിയം
റോഡ് നിർമ്മാണം	11,04,89,729	3,00,00,000	അട്ടപ്പാടിയിലെ 7 ഊരുകളെ ബന്ധിപ്പിക്കുന്ന റോഡ്

കോളനികളുടെ ലിസ്റ്റ് അനുബന്ധം-3 ആയി ഉള്ളടക്കം ചെയ്യുന്നു.*

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly